**ഒരു നർമ്മ ഗീതം**

# അക്ഷരകൊയ്ത്ത്

ഇ–മലയാളിയുടെ വായനാവാരത്തിലേക്ക് ഒരു കൊയ്ത്ത് പാട്ട്. *"ആരു കൊയ്യും, ആരു കൊയ്യും, ആരു ചൂടും ആരു ചൂടും വയൽപ്പൂ ഈ വയൽപ്പൂ, കിളിയെ, (തുഞ്ചന്റെ കിളിയോ) കിളി കിളിയെ നീലാഞ്ജന പൈങ്കിളിയെ ഈ കറുകവയൽ കുളിരു കൊയ്യാൻ നീ കൂടെ വാ.. വരിക എഴുത്തുകാരെ..".*

***സുധീർ പണിക്കവീട്ടിൽ***




കുത്തി കുറിച്ച് കൊണ്ടിരിക്കുന്നൂ
അമേരിക്കൻ മലയാളികൾ
വരവ് ചിലവ് കണക്കല്ല
കലാസ്രുഷ്ടികളാണത്രെ!

വായനക്കാരില്ലെന്ന
പരാതി പരക്കെയുണ്ടേലും
എണ്ണാതീതമാകുന്നു
എണ്ണം എഴുത്തുകാരുടെ !

സാക്ഷരകേരളത്തിന്റെ
സാക്ഷാൽ പുത്രി–പുത്രന്മാർ
പേന കൊണ്ട് കിളക്കട്ടെ
പ്രവാസമണ്ണിൽ നിത്യവും

കിളക്കാൻ മണ്ണില്ലാത്തോർ
കിള കഴിഞ്ഞ് തളർന്നവർ
ചാഴിയായി വീഴല്ലേ
അപരന്റെ വിള കളയുവാൻ

വിതക്കുന്നവർ കൊയ്തെടുക്കട്ടെ

അതിലെന്തിനു പരിഭവം
കൊയ്ത്ത് കാലം എല്ലാർക്കും
അഭിവ്രുദ്ധിക്കുതകില്ലേ?

മഴയെല്ലാം പോകുമ്പോൾ
വയലെല്ലാം കൊയ്യുമ്പോൾ
പാടേണ്ടേ നമുക്കെല്ലാം
ഓരോരൊ ഗാനങ്ങൾ




പരദൂഷണ കീടങ്ങൾ
പതുങ്ങും പടുകുഴികളെ
കാണേണ്ടേ അതടക്കേണ്ടേ
ഒത്തൊരുമ നമുക്ക് വേണ്ടേ?



കുത്തി കുറിക്കട്ടെ എല്ലാരും
അവർക്ക് പാരയാകല്ലേ
കൊയ്ത്തുകാലം നമുക്കെല്ലാം
കൊണ്ടാടാം പ്രവാസ ഭൂമിയിൽ

**ശുഭം**